പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2800 14/02/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്കായുള്ള റസിഡൻഷ്യൽ സ്കൂളുകൾ

ചോദ്യം

ശ്രീ.ജി.സുധാകരൻ :
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ. ബി.ഡി.ദേവസ്സി
ശ്രീ. പി.റ്റി.എ.റഹീം

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാർക്കായുള്ള പത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും മൂന്ന് ആശ്രാമം സ്കൂളുകൾക്കും കെട്ടിട നിർമ്മാണ-ത്തിനായി അമ്പതു ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ പുരോഗതി വിലവിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ പൂക്കോട് എം.ആർ.എസ് തിരുനെല്ലി ആശ്രാമം സ്കൂൾ എന്നിവയ്ക്കു മാത്രമാണ് സ്ഥിരം കെട്ടിടം ഇല്ലാത്തത്. നിലവിൽ കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, വയനാട് ജില്ലയിലെ കണിയാമ്പറ്റ, കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ എന്നീ സ്ഥലങ്ങളിലുള്ള എം.ആർ.എസ്. സ്കൂളുകളുടെ നിർമ്മാണം നടന്നു വരുന്നു. തിരുനെല്ലി ആശ്രാമം സ്കൂളിനായി സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി 23 കോടി രൂപയുടെയും പൂക്കോട് എം.ആർ.എസ്-ന് 10 കോടി 56 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇവയ്ക്കായി ഇതുവരെ ഒരു ശതമാനം മാത്രം തുക വിനിയോഗിക്കാനിട-യായതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) | പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുക പൊതുമരാമത്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്യാപിറ്റൽ ഹെഡ് ഓഫ് അക്കൗണ്ട് ആയ "(4225-02-277-51-50% CSs)" എന്ന ശീർഷകത്തിലാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്ന തുകയുടെ വിശദാംശങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ വിശദാംശം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും കേന്ദ്രാ-വിഷ്കൃത (50% സഹായത്തോടെ നടപ്പാക്കുന്നവ) - പദ്ധതിയ്ക്കായി വകകൊള്ളിച്ചിരുന്നതിന്റെ ഒന്നര-ശതമാനം മാത്രം ചെലവഴിച്ചതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ